(ബി) അമേരിക്കൻ മാർക്കറ്റിൽ ഒരു റാത്തൽ പരിപ്പിന് (32 കൌണ്ട്) 170 സെൻറ് വിലയുണ്ട്.

(സി) കോർപ്പറേഷൻ അമേരിക്കൻ മാർക്കറ്റിനെ ആസ്പദമാക്കി മാർക്കറ്റ് വിലയിൽനിന്നും ഒട്ടും കുറയാത്ത വിലയ്ക്കാണ് ഇപ്പോഴും പരിപ്പു വിറ്റുകൊണ്ടിരിക്കുന്നത്.

കാരീയം ഖനനം

*223 [238] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് കിട്ടുമെന്നു പ്രതീക്ഷിക്കുന്ന 30 ലക്ഷംടൺ കാരീയം (ഗ്രാഫൈറ്റ്) ഖനനംചെയ്തു എടുക്കുന്നതിനുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാരീയം ഉപയോഗിച്ച് എന്തെല്ലാം വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കാം ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഇതിലേയ്ക്കാവശ്യമായ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) കാരീയം ഉപയോഗിച്ച് ക്രൂസിബിളുകൾ, ലൂബ്രിക്കൻറ്, ഇലക്ട്രിക്കൽ ബ്രഷ്, പെൻസിൽ ഫൗണ്ടറി ഫേസിംഗ്, ഫിഷ്നെറ് വെയിറ്റ് എന്നിവ ഉണ്ടാക്കാവുന്നതാണ്. കൂടാതെ റിയാക്ഷൻ വെസൽ സിമന്റ് ലൈനിംഗ് കൊടുക്കുന്നതിനും മറ്റു പദാർത്ഥങ്ങളുമായി കലർത്തി ടിൻ ഒട്ടിക്കുന്നതിനുള്ള സോൾഡറും സ്റ്റോറേജ് ബാറ്ററി പ്ലെയിറ്റുകൾ, അച്ചടിക്കുള്ള അച്ചുകൾ എന്നിവ ഉണ്ടാക്കാനും പിഗ്മെൻറ് തുടങ്ങിയ രാസപദാർത്ഥങ്ങൾ ഉണ്ടാക്കുവാനും കാരീയം ഉപയോഗിക്കാവുന്നതാണ്.

കേരളത്തിൽ വെച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾ

*224 [239] ശ്രീ. ജി. പി. മംഗലത്തുമഠം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽവെച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾക്ക് ഓരോന്നിനും 50,000 രൂപ ക്രമത്തിൽ എത്ര പടങ്ങൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്;

(ബി) ഓരോന്നിൻെറയും പേര് വിശദീകരിക്കുമോ;

(സി) ഈ രീതിയിൽ തുടർന്നും സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) 33 ചിത്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി). അനുബന്ധമായി വെച്ചിട്ടുണ്ട് †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി) സബ്സിഡി നിർത്താൻ ഉദ്ദേശ്യമില്ല. രീതിക്ക് ചില ചില്ലറ മാറ്റങ്ങളും വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇന്നത്തെ രീതിക്ക്, കേരളത്തിൽ പൂർണ്ണമായി നിർമ്മിക്കുന്ന മലയാളചിത്രങ്ങൾക്ക് അവയുടെ ഗുണനിലവാരം നോക്കാതെയാണ് സബ്സിഡി നൽകുന്നത്. ഈ ആനുകൂല്യം ദുരുപയോഗപ്പെടുത്തുന്നതായി പല ഭാഗത്തുനിന്നും ആക്ഷേപം ഉന്നയിച്ചിട്ടുള്ളതുകൊണ്ട് ഈ രീതിയിൽ ചില മാറ്റങ്ങളും വരുത്തണമെന്ന് ഉദ്ദേശിക്കുന്നു.

ടിമ്പർ കോംപ്ലെക്സ്

*225 [240] ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്കിന്റെ സഹായത്തോടെ സംസ്ഥാനത്ത് ഒരു ടിമ്പർ കോംപ്ലെക്സ് തുടങ്ങാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെ ;

(സി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എത്രത്തോളമായി ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) നിലമ്പൂരിൽ.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രായോഗികവും സാങ്കേതികവുമായ വശങ്ങളെപ്പറ്റി ഒരു വിദഗ്ദ്ധ എജൻസിയെ കൊണ്ട് പഠനം നടത്തേണ്ടതാണെന്ന് ലോക ബാങ്കിന്റെ പ്രതിനിധികളും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ഈ പദ്ധതിയുടെ എല്ലാ വശങ്ങളെയും പറ്റി പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ അഗ്രികൾച്ചറൽ ഫൈനാൻസ് കോർപ്പറേഷനുമായി ഈ ഗവൺമെന്റ് ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ നിബന്ധനയനുസരിച്ച് ഈ പദ്ധതിയുടെ വിശദപഠനത്തെപ്പറ്റിയുള്ള ആദ്യപഠനഭാഗത്തിന്റെ റിപ്പോർട്ട് 6 മാസത്തിനകം ഗവൺമെന്റിന് നൽകണമെന്നാണ് വ്യവസ്ഥ. റിപ്പോർട്ട് ഇതുവരെയും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമെ ഈ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് മറ്റു നടപടികളും സ്വീകരിക്കാൻ നിർവ്വാഹമുള്ളു.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ ആഫീസിന്റെയും കാർട്ടേഴ്സിന്റെയും നിർമ്മാണം

497 (720) ശ്രീ. കെ. സി. വാമദേവൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ ആഫീസിന്റെയും കാർട്ടേഴ്സിന്റെയും നിർമ്മാണത്തിനു പട്ടം പാലസ് കോംപൗണ്ടിലെ എത്ര ഏക്കർ സ്ഥലമാണ് വിലയ്ക്കെടുത്തത് ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

1-3-1979-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 224 [239] കാണുക.

50,000 രൂപ ക്രമത്തിൽ സബ്സിഡി ലഭിച്ച ചിത്രങ്ങൾ

1) അണിയറ
2) അടവുകൾ-18
3) അടിമക്കച്ചവടം
4) അവർ ജീവിക്കുന്നു
5) അഹല്യ
6) അസ്തമയം
7) ആനയും അമ്പാരിയും
8) ആരും അന്യരല്ല
9) ആൾമാറാട്ടം
10) ആശ്രമം
11) ഉറക്കം വരാത്ത രാത്രികൾ
12) ഉത്രാടരാത്രി
13) കടത്തനാട്ടുമാക്കം
14) തമ്പ്
15) തച്ചോളി അമ്പു
16) തരു ഒരു ജൻമംകൂടി
17) പത്മതീർത്ഥം
18) പാദസരം
19) പിച്ചിപ്പൂ
20) ബ്ലാക്ക്ബൽറ്റ്
21) മനോരഥം
22) മണ്ണ്
23) മുക്കുവനെ സ്നേഹിച്ച ഭൂതം
24) രഘുവംശം
25) രതിനിർവേദം
26) രണ്ടു ജൻമം
27) രണ്ടു പെൺകുട്ടികൾ
28) രാപ്പാടികളുടെ ഗാഥ
29) വാടകക്കൊരു ഹൃദയം
30) വേഴാമ്പൽ
31) വ്യാമോഹം
32) സീമന്തിനി
33) സ്നേഹിക്കാൻ സമയമില്ല

LIBRARY ARCHIVES Kerala Legislative Assembly